Reg. No…………………………………………..    Name……………………………………………    **22U307**

# B A/B.Sc. DEGREE END SEMESTER EXAMINATION: OCTOBER 2022

## SEMESTER - 3: MALAYALAM (ADDITIONAL LANGUAGE)

## COURSE: 19U3CCMAL3A – ARANGUM PORULUM

*(For Regular – 2021 Admissions and Improvement/ Supplementary – 2020/2019 Admissions)*

Time: Three Hours    Max Marks: 75

### എ വിഭാഗം

**ഒറ്റവാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക**

1. രണ്ടിടങ്ങഴി എന്ന നോവൽ എഴുതിയതാര് ?
2. "എന്റെ കൈകളാണെന്ന് തൊട്ടാപ്പോ അവൾക്കു മനസിലായിക്കാണുമോ?" ആരുടെ വാക്കുകൾ ?
3. കീചകവധം ആട്ടക്കഥ രചിച്ചതാര്?
4. ''ഹനുമാൻ ശ്രീരാമനെ എന്നവണ്ണം കരിങ്കുട്ടി അയാളെ സേവിച്ചു.'' ആരെ?
5. ഏ.ആർ . മലയാളശാകുന്തളം രചിച്ച വർഷം ഏത്?
6. ഉണ്ണായിവാര്യരുടെ പ്രസിദ്ധമായ ആട്ടക്കഥയേത് ?
7. നാടകപ്രവേശിക എന്ന ഗ്രന്ഥം രചിച്ചതാരെല്ലാം?
8. ഒരു സാഹിത്യകൃതിയെ അടിസ്ഥാനമാക്കി രൂപം കൊണ്ട ആദ്യ സിനിമ ഏത്?
9. ഏതു വർഷമാണ് കരിംകുട്ടി നാടകം ആദ്യമായി അവതരിപ്പിച്ചത്?
10. താപസകന്യകയെ ആഗ്രഹിക്കുന്നത് അങ്ങേയ്ക്ക്നല്ലതല്ല എന്നു പറഞ്ഞത് ആര്?

(1 x 10 = 10)

### ബി വിഭാഗം

**അരപ്പുറത്തിൽ കവിയാതെ എട്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**

11. എം ടി വാസുദേവൻ നായർ സംവിധാനം ചെയ്ത സിനിമകൾ ഏതൊക്കെ ?
12. സിനിമയുടെ ആരംഭകാലത്ത് അരങ്ങിന്റെ ഭാഷയാണ് ആഖ്യാനത്തിന് സ്വീകരിച്ചത്. വിശദമാക്കുക
13. “കരുണാകടാക്ഷമെന്നിൽ പുരവൈരി സംഹരിച്ചോ/സുരനായക വരത്തിൻ പരിണാമമീദൃശ്യമോ –ആരുടെ ചിന്തകളാണിത് ? ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത് ?
14. വിദൂഷകൻ ഒരു വിടുവായനാണ്. അതുകൊണ്ട് ഇങ്ങനെ ചെയ്യാം എന്ന് രാജാവ് വിചാരിക്കുന്നു.രാജാവിന്റെ വിചാരങ്ങൾ എന്തെല്ലാമാണ്
15. അടൂർഗോപാലകൃഷ്ണന്റെ തിരക്കഥാരചനയുടെ രീതി എങ്ങനെയാണ്?
16. ‘മരത്തിനിടയിൽ കാണാമേ<br>സുന്ദരത്തിനുടെ സാദൃശ്യേയം’ സന്ദർഭം എഴുതുക.
17. ”സേവിച്ചീടുക പൂജ്യരെ സപത്നീജനം ഭാവിച്ചീടുക<br>കാന്തനോടിടയൊലാ ധിക്കാരമേറ്റേടിലും‘ കശ്യപൻ<br>ഇങ്ങനെ പറയാനുണ്ടായ കാരണമെന്ത്.?

18. കാവാലത്തിന്റെ നാടകവിവർത്തനങ്ങളെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക?
19. എന്റെ നേരെ വരാത്തവരുടെ സമ്മാനം എനിക്കെന്തിനാ" സന്ദർഭമെഴുതുക ?
20. ഭാണം എന്നാൽ എന്ത് ? ഉദാഹരണമെഴുതുക ?

(2 x 8 = 16)

## സി വിഭാഗം
## ഒരുപുറത്തിൽ കവിയാതെ ഏതെങ്കിലും അഞ്ചു ചോദ്യത്തിന് ഉത്തരമെഴുതുക

21. "ചാരുത്വമെഴും നിയമനിഷ്ഠയും നല്ല ചാരിത്ര്യമെന്നുള്ളൊരു ചട്ടയും/ പാതിവ്രത്യ പരമകാഷ്ഠയുംകുലബാലികമാർക്കിതത്രേ നല്ലൊരു കോട്ടയും"
ഈ വരികളിലൂടെ ഉണ്ണായിവാര്യർ മുന്നോട്ടു വയ്ക്കുന്ന ദാർശനികതലം വിവരിക്കുക?
22. കരിംകുട്ടി എന്ന നാടകത്തിന്റെ കേന്ദ്രം എന്താണ് ?
23. വിധേയൻ എന്ന സിനിമയിൽ അധികാരസൂചകമായി ഉപയോഗിച്ചിരിക്കുന്ന ബിംബങ്ങൾ എന്തൊക്കെ ?
24. രാജാവിനെ കുറിച്ച് പ്രിയംവദ അനസൂയയോട് പറയുന്ന അഭിപ്രായം എന്താണ്?
25. അന്തകവൈരിപാദ ചിന്തനം കുറയുകയോ ബന്ധമെന്തെനിക്കേവം സന്താപം വരുവാൻ" സന്ദർഭം വിശദീകരിക്കുക ?
26. വിധേയൻ സിനിമയിലെ ചലച്ചിത്രഭാഷയുടെ സവിശേഷതകൾ എന്തെല്ലാം? ഉദാഹരണസഹിതം വിവരിക്കുക ?
27. കാട്ടാളൻ എന്ന കഥാപാത്രത്തിന്റെ സ്വഭാവത്തെ നിരൂപണം ചെയ്യുക?

(5 x 5 = 25)

## ഡി വിഭാഗം
## രണ്ടു ചോദ്യത്തിന് നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക

28. തനത്നാടക സങ്കൽപ്പത്തെ മുൻനിർത്തി കരികുട്ടി എന്നനാടകത്തെക്കുറിച്ച് ആസ്വാദനമെഴുതുക?

**അല്ലെങ്കിൽ**

29. ശാകുന്തളം നാടകത്തിൽ വിദൂഷകന്റെ പ്രസക്തി എത്രത്തോളമുണ്ടെന്ന് മലയാളശാകുന്തളം മുൻനിർത്തി വിശകലനം ചെയ്യുക ?

30. നളൻ ഉപേക്ഷിച്ച ദമയന്തിക്ക് വനത്തിൽവച്ച്ഏതെല്ലാം തരത്തിലുള്ള ആപത്തുകളെയാണ് നേരിടേണ്ടിവന്നത് ? വിവരിക്കുക

**അല്ലെങ്കിൽ**

31. ആവിഷ്ക്കാര മാധ്യമമെന്ന നിലയിൽ സിനിമയും സാഹിത്യവും തമ്മിലുള്ള ബന്ധം വിധേയൻ സിനിമയെ മുൻനിർത്തി വിശദീകരിക്കുക?

(12 x 2 = 24)

************